Registered No. M-4485 Madras War Review, Malayalam—22-9-1944

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1944 സെപ്റ്റെമ്പർ 22-ാംനു, വെള്ളിയാഴ്ച [ലക്കം 3

## അദ്ധ്വാനവും, വിയർപ്പും, ഉശിരും



അടുത്തവസരത്തിൽ നിങ്ങളുടെ എല്ലാവരുടേയും വക്കൽനിന്ന് വമ്പിച്ച ഒരു പരിശ്രമം ഉണ്ടാവുമെന്ന് കരുതുന്നു. പ്രത്യേകിച്ചും സൌത്ത് ഈസ്റ്റ് ഏഷ്യാ കമാണ്ടിന്റെ വക്കൽ നിന്ന്, നല്ലവണ്ണം തെണ്ടിച്ച്, തടി വിയപ്പിച്ച, എത്രയും ധൈര്യത്തോടുകൂടിയുള്ള ഒരു പരിശ്രമമായിരിക്കണം അത്".

അടുത്ത് വരാൻപോകുന്ന വിഷമകാലങ്ങളിൽ കഴിഞ്ഞ രണ്ടുകൊല്ലമായി ഇന്ത്യയിൽ ഉണ്ടാക്കിവന്നിരുന്നതും, ഇപ്പോൾ ശത്രുക്കളെ പ്രഹരിപ്പാൻ തെയ്യാറായിട്ടുള്ളതുമായ ആയുധം നാം ഉപയോഗിക്കുന്നതായിരിക്കും.

ഐക്യകക്ഷികളുടെ വിമാനസൈന്യം ജാപ്പാൻ വിമാനശക്തിയെ ആകാശത്തിൽനിന്നോടിച്ചു കഴിഞ്ഞു. കാലാൾ സൈന്യത്തിന്റെ ഒപ്പം പോർ ചെയ്തുകൊണ്ടു് മഹത്തായ ഒരു വിജയം അവർ സാദ്ധ്യമാക്കിയിരിക്കുന്നു. ഇന്ത്യയെ ആക്രമിച്ചുകളയാമെന്ന് മോഹിച്ച ജാപ്പാൻകാർ എല്ലുമുറിഞ്ഞ് മണ്ടപൊളിഞ്ഞ് അതാ കാട്ടിൽ കിടക്കുന്നു.

—എയർ ചീഫ് മാർഷൽ സേർ റിച്ചാർഡ് പിയേർസി, സൌത്ത് ഈസ്റ്റ് ഏഷ്യാ കമാണ്ടിലെ
വിമാന സൈന്യനായകൻ, 1944 സെപ്റ്റെമ്പർ 15-ാം തിയ്യതി, ന്യൂ ഡെൽഹിയിൽ
വെച്ച് ചെയ്ത ഒരു പ്രസംഗത്തിൽനിന്ന് തർജ്ജമ

വിഷയവിവരം


| | ഭാഗം |
|---|---|
| അഭ്യാനവും, വിയപ്പും, ഉശിരും .. .. | 1 |
| ജാപ്പാനെ തുലക്കുവാൻ എല്ലാവരും സത്യംചെയ്തു പുറപ്പെട്ടിരിക്കുന്നു. | 2 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3–5 |
| പ്രത്യേക ലേഖനങ്ങൾ: നിഷ്പ്രയോജനമായ ഒരു കാര്യപരിപാടി. | 6, 7 |
| ചെറുകഥ: പിതൃവാത്സല്യം .. .. | 8, 10, 11 |
| ബർമ്മാരംഗത്തിലുള്ള തെന്നിന്ത്യക്കാർ .. .. | 9 |
| രണാങ്കണത്തിൽ സഞ്ചികേ സ്വാഗതം .. .. .. | 12 |


# ജാപ്പാനെ തുലയ്ക്കുവാൻ എല്ലാവരും സത്യംചെയ്തു പുറപ്പെട്ടിരിക്കുന്നു

## പ്രസിഡെണ്ട് റൂസ്‌വെൽട്ടും മി. ചർച്ചിലും

"പ്രസിഡെണ്ട് റൂസ്‌വെൽട്ടും, പ്രധാനമന്ത്രി മി ചർച്ചിലും അവരുടെ സൈന്യനേതൃത്വസമിതിയും വളരെ പ്രാവശ്യം കൂടിയാലോചനകൾ നടത്തി ജർമ്മനിയുടെയും ജാപ്പാന്റെയും നേരെയുള്ള യുദ്ധത്തിന്റെ നാനാ ഭാഗങ്ങളെപ്പററിയും ചിന്തിച്ചു. അല്പനേരത്തിനുള്ളിൽ സർവ്വകാര്യങ്ങളിലും തീർപ്പായി. യൂറോപ്പിൽ നടക്കുന്ന യുദ്ധത്തിന്റെ അവസാനഘട്ടവും ശാന്തസമുദ്ര രംഗത്തിലെ രാക്ഷസവംശനാശവും ഈ തീർപ്പുകളിലുൾപ്പെട്ടിരിക്കുന്നു."

—ക്യൂബെക്ക് കോൺഫറൻസിനെക്കുറിച്ച് രണ്ടു നേതാക്കന്മാരുംകൂടി ചെയ്ത പ്രഖ്യാപനം, സെപ്തെമ്പർ 16, 1944

❖ ❖ ❖ ❖

## മൌണ്ട്ബാററൻ പ്രഭു

"ജാപ്പാൻകാരെ ഇന്ത്യയിൽനിന്ന് അട്ടിമറിച്ചു......യുദ്ധത്തിലേർപ്പെട്ട സൈന്യശക്തി നോക്കുകയാണെങ്കിൽ ജാപ്പാൻകാരും ഐക്യകക്ഷികളുംകൂടി ഇതെവരെ ചെയ്ത കരയുദ്ധത്തിൽ ഏററവും ഭയങ്കര യുദ്ധമാണ് മണിപ്പൂരിയിൽവെച്ചുണ്ടായത്...... ഐക്യകക്ഷി സൈന്യത്തിൽ അധികഭാഗം ഇന്ത്യൻ സൈന്യങ്ങളാകുന്നു. അതിനാൽ ഞാൻ ഇന്നു ചെയ്യുന്ന അഭിനന്ദനം അധികവും ഇന്ത്യക്കാർക്കുള്ളതാണ്."

—1944 ആഗസ്റ്റ് 25-ാം തിയ്യതി, ലണ്ടനിൽവെച്ചുണ്ടായ ഒരു പ്രസ്സ് കോൺഫറൻസിൽവെച്ച്

❖ ❖ ❖ ❖

## ജനറൽ മക്ക്ആർതർ

"പരാജയം ജാപ്പാനെ തുറിച്ചുനോക്കുന്നു. തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രരംഗത്തിൽവെച്ചുള്ള യുദ്ധത്തിന്റെ കലാശക്കൈ കൊട്ടിത്തുടങ്ങി. ഇവിടങ്ങളിൽ നമ്മുടെ നില ഉറച്ചനിലയാണ്. അടുത്തുണ്ടായ ആക്രമണങ്ങൾക്ക് ഉദ്ദേശിച്ച ഫലവും ഉണ്ടായിരിക്കുന്നു. മൊളൂക്കസ്സ് ദ്വീപിലും നമുക്കു ആധിപത്യം വന്നുകഴിഞ്ഞു."

—1944 സെപ്തെമ്പർ 14-ാം തിയ്യതി, മോറോട്ടായ് കടൽത്തീരത്തുനിന്ന് ചെയ്ത പ്രസ്താവനയിൽനിന്ന്

**വിജയത്തിലേക്കു നടനടോ നടാ!**

**നാലു ദിക്കുകളിൽനിന്നും നടോ നടാ!**

**സ്വാതന്ത്ര്യലോകത്തിലേക്ക് നടനടോ നടാ!**

# ആഴ്ചക്കുറിപ്പുകൾ

## രണ്ടരക്കൊല്ലത്തിന്നുശേഷം

രണ്ടരക്കൊല്ലമായി ചൈനീസ് സൈന്യം ബർമ്മാറോഡിൽക്കൂടി കീഴ്പോട്ടു ചൈനയിൽനിന്നു് വരുവാൻ തുടങ്ങീട്ടു്. അതേസമയത്തുതന്നെ ചൈനയിലുള്ള അമേരിക്കൻ സൈന്യം വടക്കുനിന്നു് ഈ റോട്ടിലേക്കു് വരുവാനും തുടങ്ങിയിരുന്നു. ഇപ്പോഴം ഈ രണ്ടു സൈന്യങ്ങളും കൂടി തമ്മിൽ കൂട്ടിമുട്ടി ഇണങ്ങിയിരിക്കുന്നു. ഇതു് ജാപ്പാന്റെ നേരെയുള്ള യുദ്ധത്തിൽ ഒരു പ്രധാന സംഭവമായി കരുതേണ്ടിയിരിക്കുന്നു. ഹിമാലയത്തിന്റെ ഏതോ ഒരു പ്രദേശത്തുവെച്ചാണു് ഇവർ കൂടി ഇണങ്ങിയിരിക്കുന്നതെന്നു് കരുതേണ്ടാ; ഈ സംഭവം ജാപ്പാന്റെ ശവപ്പെട്ടിക്കു് ഒരാണികൂടി മേടിയതായിത്തന്നെ കരുതണം. എന്നാൽ ഇത്ര കാലം മനക്കരുത്തു വിടാതേയും, എത്രയോ നിസ്സാരമായ യുദ്ധസാമഗ്രികൾ കൈവശംവെച്ചും യുദ്ധം നടത്തിപ്പോന്ന ചൈനക്കാരെ അതിശയിക്കാതെ കഴികയില്ല. ബർമ്മാറോഡ് ശത്രുക്കളിൽനിന്നു് നിർബാധമായിക്കിട്ടിയാൽ ഈ സ്ഥിതിക്കെല്ലാം തീർച്ചയായും മാററം വരുന്നതുമാണു്.

## വാർസാ

പോളണ്ടിന്റെ തലസ്ഥാന നഗരിയിൽ പോർ ചെയ്തുവന്നിരുന്ന പോളീഷ് ദേശീയ സൈന്യവും റഷ്യൻ സൈന്യവും തമ്മിൽ ഉണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങളെല്ലാം തീൎന്നു് അവർ യോജിച്ചുകഴിഞ്ഞുവെന്നുള്ള വർത്തമാനം ലോകമാസകലം സന്തോഷിപ്പിക്കത്തക്കതാണു്. ജർമ്മൻകാരുടെ നേരെ ഇത്രകാലം യുദ്ധം ചെയ്തുപോന്ന വാർസയിലെ ചെറുതായ പോളീഷ് സൈന്യത്തിന്നും



ജനറൽ മക്ക് ആർതർ. ജാപ്പാന്റെ നേരെയുള്ള കലാശാക്രമണത്തിൽ ഗണപ്പതിക്കയ്യ് കൊട്ടുന്നതു് ഫിലിപ്പൈൻ ദ്വീപുകളുടെ നേരെയാണു്. പാലോ ദ്വീപും മൊലൂക്കസ്സും അമേരിക്കൻ സൈന്യം പിടിച്ചിരിക്കുന്നതിനാൽ ഈ സംഭവം അധികം താമസിയാതെ ഉണ്ടാകുമെന്നു് ടോക്കിയോ റേഡിയോ പ്രസ്താവിച്ചിരിക്കുന്നു. ഫിലിപ്പൈനിന്റെ മോചന നാടകത്തിൽ പ്രധാന നടൻ ജനറൽ മക്ക് ആർതർ തന്നെയായിരിക്കുമത്രെ.

ബ്രിട്ടനിലെ ജനതക്കൊ, പാരീസിലെ ദേശീയസൈന്യത്തിന്നൊ ഉള്ള കരുത്തുണ്ടെന്ന് ചരിത്രം ഒരു കാലത്ത് ഘോഷിക്കാതിരിക്കയില്ല. ജർമ്മൻകാരുടെ നേരെ നിസ്സഹായികളായി ഇവർ ഇതേവരെ യുദ്ധംചെയ്തുപോന്നതോർത്താൽ ഇവരുടെ ധൈര്യത്തിന്നും ദേശീയ ബോധത്തിന്നും ശരിയായി മറ്റൊന്നുമുണ്ടെന്നതന്നെ തോന്നുന്നില്ല. ബന്ധുസൈന്യങ്ങളായ റഷ്യക്കാർ വാർസക്കു അടുത്തെത്തിട്ടുണ്ടെന്നുള്ള സമാധാനത്തിന്നു പുറമേ, വാർസയിൽ കിടപ്പുള്ള പോളീഷ് സൈന്യത്തിന്ന് വേണ്ട ഭക്ഷണവും മററും റഷ്യൻ സൈന്യം വിമാനമാർഗ്ഗമായി എത്തിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. മുപ്പതു ലക്ഷം പോളണ്ടുകാരെ ജർമ്മൻകാർ യുദ്ധത്തിലല്ലാതെതന്നെ കൊന്നൊടുക്കിയിരിക്കുന്നു. ഈ കൂട്ടക്കൊല മുഴുവൻ ജർമ്മൻകാർ നടത്തിയതു് ഏററവും കഠിനമായ ദേഹോപദ്രവങ്ങൾ ചെയ്തതിന്നുശേഷവുമാണ്. ജർമ്മൻകാർ പോളണ്ടിൽ കാട്ടിയ അക്രമങ്ങളെ വർണ്ണിക്കുന്ന ഘട്ടത്തിൽ റഷ്യയിലെ പ്രസിഡെണ്ടു കലിനിൻ പറയുന്നു: "ജർമ്മൻകാരെ അത്യധികം വെറുത്തുകൊണ്ടുള്ള ബുദ്ധി ഉള്ളിൽ കത്തി എരിയുമ്പോളല്ലാതെ അവരോടു യുദ്ധം ചെയ്വാൻ സാദ്ധ്യമല്ല. അത്ര ക്രൂരതയും, കഠിനതയും അവർ കാണിച്ചു ശത്രുവിനെ കീഴടക്കും. അടിച്ചടിക്കു മേലെയുള്ള അടി അടിച്ചാൽമാത്രമെ ജർമ്മൻകാർ നൊമ്മെ ബഹുമാനിക്കയുള്ളു."

## ലോകമഹായുദ്ധം ഇങ്ങിനെ കാണുക







### ഹോളണ്ടിൻെറ മോചനം

ആരംഭിച്ചു കഴിഞ്ഞു. ഐക്യകക്ഷികളുടെ വിമാനവാഹിതസേന ഹോളണ്ടിൽ ചെന്നിറങ്ങിയിരിക്കുന്നു. ഇതു സാദ്ധ്യമായതു ഐക്യകക്ഷികളുടെ വിമാനമാർഗ്ഗമായുള്ള ആധിപത്യം കൊണ്ടുമാത്രമാണ്. ഹോളണ്ടു വളരെ ചെറുതായ ഒരു രാജ്യമാണെങ്കിലും ചെറുപ്പത്തിന്നനുസരിച്ചുള്ളതല്ലാ ജനസംഖ്യ. ജനസംഖ്യ വളരെ ജാസ്തിയാണ്. 1940 മേയ് 10-ാം തിയ്യതിയായിരുന്നു ജർമ്മൻകാർ ഹോളണ്ടിനെ ആക്രമിച്ചതു്. ഈ ആക്രമണത്തിൽ റോട്ടർഡാം നഗരിയുടെ നേരെ ജർമ്മൻകാർ. നടത്തിയ ബോംബാക്രമണം വളരെ ശക്തിയോടുകൂടിയതായിരുന്നു. ഹോളണ്ടിൻെറ ചരിത്രത്തിൽ പ്രധാനമായ ഈ ദിവസംതന്നെയാണ് വിൻസ്റ്റൺ ചർച്ചിൽ ബ്രിട്ടനിലെ പ്രധാനമന്ത്രി പദം സ്വീകരിച്ചതും. ഇതു ലോകചരിത്രത്തിൽ പ്രധാനമായ ഒരു സംഭവമായി കരുതണം. നാലു കൊല്ലത്തിലധികം നാസികളുടെ നിഷ്ഠുരകർമ്മങ്ങൾ അനുഭവിച്ചു ഒടുവിൽ ഇപ്പോളതാ, ഹോളണ്ടു വിമുക്തയാവാനാരംഭിക്കുന്നു. ജനറൽ ഐസനോവർ സന്ദർഭോചിതമായ ഒരു സന്ദേശവും ഹോളണ്ടിലെ ജനതക്കു അയച്ചിരിക്കുന്നു.

### ലണ്ടനിൽ രണ്ടാമതും വിളക്ക്

ലണ്ടനിൽ രണ്ടാമതും രാത്രികാലങ്ങളിൽ പൂർണ്ണമായി വിളക്കു കത്തിക്കാമെന്നുള്ള നിയമം വന്നുകഴിഞ്ഞ കഴിഞ്ഞ ഞായറാഴ്ച മുതല്ക്കാണ് ഇതു തുടങ്ങിയതു്. യൂറോപ്യൻ യുദ്ധത്തിൽ പൂർണ്ണ വിജയം വന്നുതുടങ്ങി എന്നുള്ളതിൻെറ ഒരു പ്രധാന ലക്ഷണമാണ് ഇതു്. എന്നാൽ ലണ്ടനിലെ കാന്തവിളക്കുകൾ യുദ്ധം തുടങ്ങിയപ്പോൾ വേണ്ടെന്നുവെച്ചുവെങ്കിലും അവിടെയുള്ള ജനതയുടെ ഹൃദയപഞ്ജരങ്ങളിൽ കത്തിയിരുന്ന ധൈര്യത്തിന്നും, ബുദ്ധിവികാസത്തിന്നും യാതൊരു മാന്ദ്യവും പററീട്ടുണ്ടായിരുന്നില്ല. ഹിററ്ലർ ബ്രിട്ടൻെറ നേരെ പ്രയോഗിച്ച ഏററവും ഭയങ്കരകൃത്യങ്ങളിൽകൂടി ലണ്ടനിലെ ജനതക്കു യാതൊരു പരിഭ്രമവും ഉണ്ടായിട്ടില്ല. ഈ സംഗതി ലോകം അറിഞ്ഞിരിക്കേണ്ടതും ഈദൃശമായ ധൈര്യം താന്താങ്ങളുടെ ദിനചര്യയിൽ പകർത്തേണ്ടതുമാകുന്നു. ലണ്ടനിലെ ജനത അടുത്തകാലത്തു സഹിച്ച കഷ്ടപ്പാടുകളുടെ ഒരു വിവരണം കേട്ടാൽ മതി. പറക്കുന്ന ബോംബുകൾ 8,000 ത്തോളം ജർമ്മൻകാർ ബ്രിട്ടനിലേക്കയച്ചു. ഇതിൽ 2,000 ത്തോളം ലണ്ടനിൽത്തന്നെയാണ് വീണതു്. 1,104,000 വീടുകൾക്കു ഇവ നിമിത്തം കേടുപററി; 23,000 വീടുകൾ തീരെ നശിച്ചു. ബ്രിട്ടീഷുകാരുടെ 450 വിമാനങ്ങളും 2,900 വൈമാനികന്മാരും നഷ്ടം വരികയും ചെയ്തു. ഇത്ര നഷ്ടം പററീട്ടെന്തെ? ലണ്ടനിലുള്ളവരുടെ സഹനശക്തിക്കും ധീരതക്കും യാതൊരു കുറവും വന്നില്ല. മാത്രമല്ല, ലണ്ടനിലെ ഒരു പ്രധാന ചിത്രകാരൻ പറക്കുന്ന ബോംബുകളെ പററി എഴുതിയതു് നോക്കിയാൽ ലണ്ടൻ ജനതക്കു ഹിററ്ലരെക്കുറിച്ചുള്ള അഭിപ്രായം മനസ്സിലാകും. ഈ പറക്കുന്ന ബോംബുകളുടെ ഗതി അവയെ പറപ്പിക്കുക ഭരണശക്തിയുടെ ഗതിക്കനുസരിച്ചു തന്നെയാണ്. നാസികളെപ്പോലെത്തന്നെ ഈ ബോംബുകൾക്കും ഒരു കാലം ഉണ്ടായി. ഘനം ചുരുങ്ങുമ്പോൾ അവയുടെ ഗതിയും ദ്രുതമാകുന്നു. ദ്രുതഗതിയെക്കാൾ അധികമാണ് അവയുടെ ഭയങ്കര ശബ്ദം. ഒടുവിൽ, അകത്തുള്ളതു് മുഴുവൻ കഴിഞ്ഞാൽ അവ പൊളിഞ്ഞ് താഴത്തു വീഴുന്നു!


മൌണ്ട് ബാററൻ പ്രഭു

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 സപ്തെമ്പർ 22-ാംനു, വെള്ളിയാഴ്ച


## നിഷ്പ്രയോജനമായ ഒരു കാര്യപരിപാടി

പേം ഹാർബറിൽനിന്നു് ക്ക്വിബെക്ക് സമ്മേളനത്തിലേക്കെത്തുവാൻ ലോകം വളരെ വഴി നടക്കേണ്ടിവന്നു. ഈ മൂന്നു കൊല്ലത്തിന്നുള്ളിൽ രണ്ടു തരം കേഡികളുടെ ഉദ്ദേശങ്ങളും ആപൽകരമായ സ്കീമുകളും തുലച്ചുകളഞ്ഞു. ഇതിന്നുവേണ്ടിചെയ്ത ചെലവു് ചില്ലറയല്ല. സൂര്യചന്ദ്രന്മാരുള്ള കാലത്തോളമെന്നുതന്നെ പറയാം, ഐക്യകക്ഷി സൈന്യങ്ങളുടെ എത്ര രക്തമാണു് ജർമ്മനിയുടെയും ജാപ്പാന്റെയും പരാജയത്തിന്നായി ചൊരിഞ്ഞിരിക്കുന്നതു്. ഈ സൈന്യങ്ങൾ എത്ര എത്രയാണു് അദ്ധ്വാനിച്ചു് വിയർപ്പു് കുടിച്ചിരിക്കുന്നതു്, എത്ര കണ്ണീരാണു് ഈ സൈന്യങ്ങളുടെ കുട്ടികുടുംബങ്ങൾ കുടിച്ചിരിക്കുന്നതു്, എന്നുള്ള ഏററവും പരിതാപകരമായ കഥകൾ പാടിയും വായിച്ചും ലോകം അതിശയിക്കാതിരിക്കയില്ല. ഇററലിയെപ്പററി ആരും ഒന്നും അത്ര കേട്ടുവെന്നു വരികയില്ല; അത്ര കണ്ടു് പ്രാധാന്യമെ ഇററലിക്കു് അന്നും ഇന്നും ഉള്ളു.

ലോകത്തെ കീഴടക്കി ഭരിച്ചുകളയാമെന്നുള്ള പ്ലാൻ ഒന്നാന്തരം നിഷ്ക്കണ്ടകമായ പ്ലാൻ ആയിരുന്നു. അധികം താമസിയാതെ ജാപ്പാനുമായുള്ള ഇടവാടുകൾ തീർക്കാൻ ഐക്യകക്ഷികളുടെ സർവ്വശക്തിയും ഉപയോഗിപ്പാൻപോകുന്നതിനാൽ ഇതേവരെ ജാപ്പാന്നു് പററിയ പരാജയത്തിന്റെയും, ജാപ്പാൻ ഗവർമ്മേണ്ടു് ഇപ്പോഴും പ്രകടിപ്പിച്ചുവരുന്ന ഭയത്തിന്റെയും പരിഭ്രമത്തിന്റെയും കാരണങ്ങളെന്തെന്നു് ആരായുന്നതു് അത്യാവശ്യമാണു്.

അത്യാഗ്രഹിയായ ഒരുവനെ സംബന്ധിച്ചു് നാം പറയാറുണ്ടല്ലോ, ഈയാൾക്കു നായിന്റെ കണ്ണാണെന്നു്. ജാപ്പാന്റേതും നായിന്റെ കണ്ണാണു്. ജാപ്പാനെപ്പോലുള്ള ദുരാഗ്രഹികൾ തങ്ങൾക്കു് ദഹിക്കാൻ പ്രാപ്തിയുള്ളതിൽ അധികമായി വിഴുങ്ങുന്നു. ഇതിനാൽ ദഹനശക്തികുറഞ്ഞു് താന്താങ്ങളുടെ ആരോഗ്യവും കുറഞ്ഞുപോകുന്നുണ്ടു്.

ജാപ്പാന്റെ വിജയങ്ങളെല്ലാം ജാപ്പാൻ ചരക്കുകൾപോലെത്തന്നെയാണു്; ആളുകളെ മെരട്ടുവാൻമാത്രമെ ഈ ചരക്കുകൾ കൊള്ളുകയുള്ളു; കാശുകൊടുത്തു് വാങ്ങാൻ കൊള്ളുകയില്ല. ജാപ്പാൻ യുദ്ധത്തിൽചേർന്നു് ആദ്യമായി കൈവരുത്തിയ വിജയങ്ങളെല്ലാം കാണികൾക്കു് ആശ്ചര്യം ജനിപ്പിക്കുമാറുള്ളവയായിരുന്നുവെങ്കിലും പ്രായേണ അവയെ സ്ഥിരമായി കൈവശം വെക്കുവാൻ കൊള്ളരുതാത്തവയായിതീർന്നു. മാത്രമല്ല, ഐക്യകക്ഷികളുടെ ശക്തിവർദ്ധനയെക്കുറിച്ചാവട്ടെ വിപത്തിങ്കൽ നിലനിർത്തിപ്പോരുവാൻ പ്രാപ്തിയുള്ള ധൈര്യബുദ്ധിയെക്കുറിച്ചാകട്ടെ ജാപ്പാൻകാർ തീരെ ഗണ്യമാക്കിയില്ല. ജാപ്പാൻകാർക്കു് കുറെ ചിട്ടയും ചടങ്ങുമെല്ലാമുണ്ടെന്നെ ഉള്ളു. പുറമെ, നേതാക്കന്മാരിൽ വലുതായ അന്ധവിശ്വാസവും ഉണ്ടു്. എന്നാൽ നമ്മുടെ സൈന്യങ്ങൾക്കുള്ള മനക്കരുത്തു് അവക്കു തീരെയില്ല.

## കാട്ടിയതു കാട്ടുവാൻ മിടുക്കന്മാരാണ്

അവരുടെ നേതാക്കന്മാർ അധൈര്യപ്പെട്ടുകഴിഞ്ഞാൽ ജാപ്പാൻ സൈന്യത്തിന്റെ കഥ വളരെ മോശമായി. ഇങ്ങിനെയുള്ള ഘട്ടങ്ങളിലാണു് ജാപ്പാൻ ഭടന്മാർ ആത്മഹത്യ ചെയ്യുന്നതു്. ശാന്തസമുദ്രത്തിൽ ഐക്യകക്ഷികൾ ഓരോ ദ്വീപുകളായി പിടിച്ചുപോന്ന സമയം അതാതു് ദ്വീപുകളിലുള്ള ജാപ്പാൻകാർ അനവധി ആത്മഹത്യ ചെയ്തിട്ടുണ്ടു്. ഉശിരും, ചുണയും, മാനവും, മര്യാദയുമുള്ള സൈന്യങ്ങളെ നേരിടാൻ ജാപ്പാൻസൈന്യത്തിന്നു സാദ്ധ്യമല്ല. ആണുങ്ങളോടു നേരിടുവാൻ എങ്ങിനെയാണു് ജാപ്പാൻകാർക്കു് ധൈര്യമുണ്ടാവുക? അവരുടെ രാജ്യത്തുള്ള വ്യവസായാഭിവൃദ്ധിയും മററും അടിമകളെപ്പോലുള്ള മനുഷ്യസമുദായത്തെക്കൊണ്ടാണു് ഉണ്ടായിത്തീരുന്നതു്; അതുപോലെത്തന്നെ ജാപ്പാൻകാർ മററുള്ളവരുടെ ആശയങ്ങളെ കട്ടെടുത്തു ഉപയോഗപ്പെടുത്തുന്നതല്ലാതെ സ്വന്തമായിട്ടുള്ള ബുദ്ധിപ്രഭാവം അവക്കില്ല. കെല്പും, ഉശിരും മററും വാങ്ങാൻ സാധിക്കുന്ന വസ്തുക്കളല്ല. ജാപ്പാൻകാർ മററുള്ളവർകാട്ടി

യത്തു കാട്ടുവാൻ മിടുക്കന്മാരാണെന്നുമാത്രമെയുള്ളൂ. ഇതു് പണ്ടുപണ്ടെ അവൎക്കുള്ള സ്വഭാവമാണു്. ജാപ്പാൻകാരുടെ ചിത്രമെഴുത്തു്, ചായപ്പണി, ലിപികൾ, സംസ്കാരം ഇതെല്ലാം ചൈനയിൽനിന്നാണു് കടം വാങ്ങിയിരിക്കുന്നതു്. അതുപോലെത്തന്നെ അവരുടെ ശാസ്ത്രങ്ങളും കണ്ടുപിടുത്തങ്ങളും യൂറോപ്പിൽനിന്നും അമേരിക്കയിൽനിന്നും പടത്തി. യുദ്ധതന്ത്രവും യുദ്ധന്യായങ്ങളും ഇററലിയിനിന്നാണു് പകൎത്തിയതു്. ഇതെല്ലാം കൂടി പടത്തിക്കൊണ്ടുവന്നതു് അവരുടെ അപരിഷ്കൃത സമുദായസംഘടനാസമ്പ്രദായത്തിന്മേലുമാണു്. അവരെ എതിൎക്കാനാരുമില്ലെന്നുള്ള കാലത്തോളം ഈവിധം നടന്നുപോന്നു; അതിനെന്താണു് പ്രയാസം? സ്വതസിദ്ധമായ ബുദ്ധിചാതുൎയ്യങ്ങളൊന്നും കാട്ടേണ്ടാവശ്യമില്ലല്ലോ.

ഈവിധം കടം വാങ്ങിയ സാധനങ്ങളെക്കൊണ്ടു്, അന്യന്റെ എതിൎപ്പില്ലാത്ത കാലത്തോളം, ചതിമാൎഗ്ഗമായും, വഞ്ചിച്ചും ജാപ്പാൻ കെട്ടിവളൎത്തി ഒരു സാമ്രാജ്യം ഉണ്ടാക്കി. ജാപ്പാന്റെ സ്വന്ത തറവാട്ടിൽനിന്നു് പുറപ്പെട്ടു് ശാന്തസമുദ്രത്തിൽക്കൂടെ സ്വന്തം കപ്പലുകൾ നടത്തി, അനേകായിരം നാഴിക ദൂരങ്ങളിൽ കിടക്കുന്ന രാജ്യങ്ങളെ സ്വാൎത്ഥസമ്പാദനത്തിന്നായി ഉപയോഗിക്കാമെന്നു ജാപ്പാൻ വ്യാമോഹിച്ചു. രണ്ടു വകുപ്പായിക്കൊണ്ടാണല്ലോ ജാപ്പാന്റെ രാജ്യങ്ങൾ നിയന്ത്രിക്കപ്പെട്ടിരിക്കുന്നതു്. ജാപ്പാൻ, ഫോർമോസാ, മഞ്ചൂറിയാ എന്നീ സ്ഥലങ്ങളടക്കം ഒരു ഉൾക്കെട്ടു്; ജാപ്പാന്റെ സാമ്രാജ്യത്തിൽപെട്ട മററു രാജ്യങ്ങളടക്കം ഒരുപുറംകെട്ടു്; ഇങ്ങിനെയാണു് ഏൎപ്പാട്ടു്.

## ദ്വീപുകളെ ഓരോന്നായി

ശാന്തസമുദ്രത്തിൽ ജാപ്പാന്റെ കൈവശം വന്നിട്ടുള്ള ദ്വീപുകളെ ഓരോന്നായി പിടിച്ചു് ഐക്യകക്ഷികൾ കൈവശപ്പെടുത്തിക്കൊണ്ടുവരുന്നതു് കാണുമ്പോൾ ജാപ്പാനു് പള്ളുകത്തുന്നുണ്ടു്. ദ്വീപുകൾ ഓരോന്നോരോന്നായി ഐക്യകക്ഷികൾ കൈവശപ്പെടുത്തുന്നുവെന്നുമാത്രമല്ല, അവരുടെ ശക്തി നാനാഭാഗത്തു കൂടിയാണു് പ്രയോഗിച്ചുവരുന്നതു്. ശാന്തസമുദ്രത്തിന്റെ വടക്കൻ ഖണ്ഡത്തിൽ ക്യൂറൈൽ ദ്വീപുകളിൽനിന്നും, ഭയങ്കര ബോംബുകളിൽ കൂടി ചൈനയിൽനിന്നും, ബൎമ്മയിൽനിന്നും, തെക്കു സൈപ്പാൻ സങ്കേതത്തിൽനിന്നും ഐക്യകക്ഷികൾ ജാപ്പാനെ ആക്രമിച്ചു കൊണ്ടുവരുന്നു. പട്ടിണി കിടന്നു് കഷ്ടപ്പെടുന്ന ജാപ്പാൻ സൈന്യമല്ലാതെ ലോകദ്ധ്വംസത്തിന്നാരംഭിച്ച ഒരുക്കങ്ങളൊന്നും ഇപ്പോൾ കാണുന്നില്ല.

ജൎമ്മനിയിൽ നടത്തിവരുന്ന നാടകം ജാപ്പാനിൽ ഒരു ഘട്ടത്തിൽ നടത്തിക്കൊണ്ടുവരേണമെല്ലോ എന്നുള്ള വിചാരവും ജാപ്പാൻകാരെ വല്ലാതെ വിഷമിപ്പിക്കുന്നു. ഫ്രാൻസിലും റഷ്യയിലും ജൎമ്മൻ സൈന്യത്തെ മിക്കവാറും ഐക്യകക്ഷികൾ വളഞ്ഞു് പിടിച്ചു് സൈന്യനേതൃത്വത്തിൽനിന്നു് വേർപെടുത്തി നശിപ്പിച്ചുകളകയാണു് ചെയ്തിട്ടുള്ളതു്. അവിടങ്ങളിൽ ഭൂമിയിൽ വെച്ചാണു് ഈ നാശം വരുത്തിയതെന്നെ ഉള്ളൂ. ജാപ്പാൻ സൈന്യത്തെ ഈ വിധം ഐക്യകക്ഷികൾ നശിപ്പിക്കുന്നതു് സമുദ്രത്തിൽ വെച്ചായിരിക്കും. ജാപ്പാന്റെ സ്വാധീനത്തിലുള്ള ദ്വീപുകൾ നഷ്ടപ്പെടുന്നതിന്നു പുറമെ അവയിലുള്ള ജാപ്പ സൈന്യങ്ങളും ഒട്ടാകെ നഷ്ടപ്പെടുവാനാണു് പോകുന്നതു്.

പരിഭ്രമിക്കാൻ ഇത്ര എളുപ്പത്തിൽ സാധിക്കുന്നതു് ജാപ്പാൻകാരനെ പോലെ മററാൎക്കും വയ്യ. ഐക്യകക്ഷികളുടെ ധീര സൈന്യങ്ങളുടെ ഏററവും വിപരീത സ്വഭാവമാണു് ഇതു്. ഐക്യകക്ഷികൾക്കു പൂൎവ്വഭാഗങ്ങളിലേക്കു തിരിഞ്ഞു നോക്കാൻ സാദ്ധ്യമാവാതെ അത്രത്തോളം പടിഞ്ഞാറൻ രംഗത്തിൽ അവൎക്കു ജോലിയുണ്ടാകുമെന്നാണു് ജാപ്പാൻ കരുതിയതു്. പോരെങ്കിൽ ജൎമ്മനി ജയിക്കാതിരിക്കയില്ലെന്നുമായിരുന്നു അവരുടെ വിചാരം. വിചാരിച്ചതിന്നെല്ലാം വിപരീതമായി വന്നപ്പോൾ അവൎക്കു പരിഭ്രമമായി. ഈ പരിഭ്രമത്തിന്റെ ഒരു പ്രധാന ലക്ഷണമാണു് ജാപ്പാൻ കടൽ സൈന്യം പുറത്തുവന്നു് ഐക്യകക്ഷി കടൽ സൈന്യത്തിനോടേററുമുട്ടാത്തതു്.

ഇങ്ങിനെയിരിക്കുന്ന ഘട്ടത്തിൽ ജാപ്പാൻ എല്ലാ ഇടങ്ങളിൽനിന്നും പിൻമാറിക്കൊണ്ടുവരികയാണു്. എവിടേയും അവർ യുദ്ധം ചെയ്വാനുദ്ദേശിക്കുന്ന ലക്ഷണങ്ങളില്ല. ബൎമ്മയിലും അങ്ങിനെത്തന്നെ. നമ്മുടെ വിമാന സൈന്യശക്തി അത്യധികം വൎദ്ധിച്ചു വന്നിരിക്കുന്നതിന്നാൽ ഇന്ത്യക്കും ആസ്ത്രേലിയക്കും ജാപ്പാന്റെ വക്കൽ നിന്നു് ഇനി യാതൊന്നും പേടിക്കാനില്ല. ഇപ്പോൾതന്നെ ഐക്യകക്ഷി സൈന്യ ശക്തിയെ ജാപ്പാൻ ഈ വിധം പേടിക്കാൻ തുടങ്ങിയാൽ ക്യൂബെക്കു് കോൺഫറൻസിൽ വെച്ചു നടന്ന സമ്മേളനത്തിലെ തീൎപ്പുകൾ നടപ്പിൽ വരുവാൻ തുടങ്ങിയെങ്കിൽ ജാപ്പാനു പേടിച്ചിരിക്കയല്ലാതെ മറെറന്താണു് ഗതി!

## ഐക്യതയുടെ ഒരു നാളം

ക്യൂബെക്കിൽ വെച്ചുള്ള സമ്മേളനങ്ങളുടെ അനുഭവം "ഐക്യതയുടെ ഒരു നാളം" ആണെന്നാണു് മി. ചൎച്ചിലിന്റെ പ്രസ്താവന. ഈ നാളം ജാപ്പാന്റെ തറവാട്ടിന്റെ മോന്തായത്തിൽ വേഗം എത്തിച്ചേരട്ടെ!

ചെറുകഥ

# പിതൃവാത്സല്യം

ഇന്നത്തെ മഹായുദ്ധത്തിൽ അനവധി ധീരയോദ്ധാക്കൾ ചെയ്യാനാഗ്രഹിയ്ക്കുന്നതും, എത്രയൊ ആയിരം ടൺ വെടിമരുന്നു കൊണ്ടും ചെയ്യാൻ സാധിയ്ക്കാത്തതുമായ ധീര കൃത്യം കേവലം അപരിഷ്കൃതയും, അബലയുമായ ഒരു യുവതിയും, അരക്കാശു വിലപിടിയ്ക്കാത്ത ഒരു തീപ്പെട്ടിക്കോലും കൂടിചെയ്തു എന്നു പറയുന്നതായാൽ ആരെങ്കിലും വിശ്വസിക്കുന്നതാണോ ? അഥവാ വിശ്വസിക്കുന്നവരുണ്ടെങ്കിൽ അവൎക്കു ഈ സംഭവമെന്താണെന്നറിവാനാഗ്രഹമുണ്ടായിരിയ്ക്കുമെന്നതിനാൽ, വിസ്തരിയ്ക്കാതെ ചുരുക്കം ഇവിടെ ചേൎക്കാം. മുരുകൻ ഒരു മദ്രാസിയാണെങ്കിലും, അനേക വൎഷങ്ങളായ് സിങ്കപ്പൂരിൽ താമസിച്ചുവന്നതിനാൽ, അവൻ ഒരു തനി സിങ്കാളിയാണെന്നേ ആരും വിശ്വസിക്കുകയുള്ളു. സിങ്കപ്പൂരിൽ തന്നെ അവന്റെ യൌവ്വനകാലം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്തു. ഒരു സിങ്കാളി സ്ത്രീയെ കല്യാണം കഴിച്ചു. അതിൽ ഒരു പുത്രിയും ജനിച്ചു. മുരുകനും, ഭാൎയ്യയും ഓമനപ്പുത്രിയും കൂടി സുഖിച്ചുവാണു. കാലക്രമത്താൽ മുരുകനു സന്താനങ്ങൾ വേറെയും പലരുമുണ്ടായിയെങ്കിലും, ഈ കഥ നടന്നകാലത്തു, മുരുകനും മൂത്തമകളായ മിനിയുമല്ലാതെ വേറെ ആരും അവന്റെ കൊച്ചുകുടിലിനെ ആശ്രയിച്ചിരുന്നില്ല. മിനിയുടെ സാന്നിദ്ധ്യം കൊണ്ടു ആ ചെറുകുടിൽ, കൊട്ടാരം പോലെ സജീവമായും ആനന്ദപ്രദമായും മുരുകനു തോന്നി. മുരുകനു പ്രായാധിക്യമായി. അവന്റെ യൌവ്വനകാലം ഭാൎയ്യയോടും സന്താനങ്ങളോടുമൊത്തു ആ ചെറുകുടിലിൽ തന്നെ കഴിച്ചുകൂട്ടി. ഈ പ്രായാധിക്യകാലത്തു് മുരുകനു സന്തോഷത്തിനായും, സഹായത്തിനായും, മിനി മാത്രം ശേഷിച്ചു. മിനിക്കു വയസ്സു പത്തിരുപതായിരുന്നുവെങ്കിലും കല്യാണം കഴിഞ്ഞിരുന്നില്ല. അച്ഛനു പണമില്ലാഞ്ഞിട്ടോ, മിനിക്കു സൌന്ദൎയ്യവും യൌവ്വനവുമില്ലാഞ്ഞിട്ടോ അല്ലാ മിനിക്കൊരു വരൻ വന്നുചേരാതിരുന്നതു്. സമവൃത്തന്മാരായ അനേകം യുവാക്കന്മാർ മിനിയുടെ പാണിഗ്രഹണകാംക്ഷികളായ്, മിനിയെ തങ്ങൾക്കു തരേണമെന്നു മുരുകനോടൎത്ഥിച്ചിരുന്നു. എന്നാൽ തന്റെ ഏകപുത്രിയെ ഒരു ഉദ്യോഗസ്ഥനല്ലാതെ കൂലിക്കാരനു കൊടുക്കുന്നതല്ലെന്നു മുരുകൻ അവരോടു ശഠിച്ചു പറഞ്ഞിരുന്നു. അതു കാരണം അവൎക്കാൎക്കും മുരുകനോടു ഈൎഷ്യയോ കോപമോ ഉണ്ടായിരുന്നില്ല അവർ സാധാരണയായി മുരുകന്റെ കുടിലിൽവന്നു വിശ്രമാവസരങ്ങളിൽ, ആ വൃദ്ധന്റെ പഴംപുരാണകഥകൾ കേട്ടും മനോഹരാംഗിയായ മിനിയുടെ നിഷ്കളങ്കമായ സാഹചൎയ്യം അനുഭവിച്ചും വിനോദിക്കുക പതിവായിരുന്നു. മിനിയും കാമദേവനും അപരിചിതന്മാരായിരുന്നതിനാൽ മിനിക്കു അക്കാൎയ്യങ്ങളിൽ സ്വല്പമൊന്നുമുണ്ടായിരുന്നില്ല. അവൾ എല്ലാവരോടും സോല്ലാസം സംസാരിക്കുകയും നിഷ്കപടതയോടെ വളരെ സ്നേഹപൂൎവ്വം പെരുമാറുകയും ചെയ്തുവന്നിരുന്നു. തങ്ങളുടെ അഭീഷ്ടം സാധിക്കുന്നതല്ലെന്നു പൂൎണ്ണവിശ്വാസം വന്നിരുന്ന യുവാക്കന്മാർ അവളുടെ സ്വഭാവനൈൎമ്മല്യം കൊണ്ടു് അവളെ സഹോദരിയെപ്പോലെ ഭാവിച്ചുവന്നു.

മുരുകൻ ചെറുപ്പത്തിൽ തന്നെ ഒരു പട്ടാളബന്ധുവായിരുന്നു. എന്നുവെച്ചാൽ, അവൻ സമയം ലഭിക്കുമ്പോഴൊക്കെ പട്ടാള ഉദ്യോഗസ്ഥന്മാരുടെ സന്തോഷത്തിന്നായ് അവരെ ചെന്നു കണ്ടും, അവൎക്കു തന്നാൽ കഴിയുന്ന ഉപകാരങ്ങൾ, ചെയ്തുകൊടുത്തും, അവരുടെ സന്തോഷങ്ങൾക്കു പ്രയത്നിക്കുക പതിവായിരുന്നു. അങ്ങിനെയിരിക്കുന്ന കാലത്താണു സിങ്കപ്പൂരിൽ ജപ്പാനാക്രമണമുണ്ടാവുമെന്ന അറിവിന്മേൽ, ബ്രിട്ടീഷ് പട്ടാളങ്ങൾ വന്നു നിറഞ്ഞതു്. മുരുകൻ വൃദ്ധനായിരുന്നുവെങ്കിലും, പുതിയ പട്ടാളക്കൂട്ടങ്ങളെ കാണുന്തോറും നവജീവിസ്സ് അവനുവന്നു തുടങ്ങി. അവന്റെ സഹകരണങ്ങൾ അവൎക്കു അതിയായ ഗുണത്തെ ചെയ്തു. അവന്റെ പ്രയത്നങ്ങളും ഊൎജ്ജിതങ്ങളായ് തുടങ്ങി. ചില സമയങ്ങളിൽ തനിക്കു പോകുവാൻ സൌകൎയ്യം ലഭിയ്ക്കാതിരുന്നാൽ അവൻ മിനിയെ പട്ടാളക്യാമ്പിലേയ്ക്കയക്കുക പതിവായിരുന്നു. ശൃംഗാരമൊ, ലജ്ജയോ, സ്ത്രീത്വമോ തെല്ലുപോലും തീണ്ടാത്ത അവളുടെ വരവും നടയും സംസാരവുംകണ്ടു പലരും അവൾ യഥാൎത്ഥത്തിൽ സ്ത്രീ തന്നേയോ എന്നു സംശയിച്ചുപോയിട്ടുണ്ടായിരുന്നു. ഒരു ഓഫീസർ ഒരിയ്ക്കൽ അവളോടു എന്തോ സംസാരിക്കുകയുണ്ടായി. അപ്പോഴും അവൾക്കു മറുപടി പറയുന്നതിൽ യാതൊരു സങ്കോചമോ, ഭയമോ ഉണ്ടായില്ല. അവളുടെ ധീരത കണ്ടു ഓഫീസർ ചിരിച്ചുവത്രെ.

ജപ്പാന്റെ ആക്രമണങ്ങൾ ഓരോന്നോരോന്നായി തുടങ്ങി. ബോമ്പറുകളും, ബോമ്പുകളും ഇടവിടാതെ ശബ്ദിച്ചു തുടങ്ങി. മിലിട്ടറി ക്യാമ്പിൽനിന്നു വലിയ തോക്കുകളുടെ ഗൎജ്ജനം സദാ മുഴക്കികൊണ്ടിരുന്നു. ഏതു സമയത്തും ബോമ്പിന്റെ ശബ്ദവും തോക്കിന്റെ അലൎച്ചയും കൂടി കൎണ്ണപുടങ്ങളെ പൊട്ടിച്ചു തുടങ്ങി. തുടരെത്തുടരെ ഉതിൎക്കുന്ന ബോമ്പുകളിൽ ഉണ്ടാവുന്ന അഗ്നിജ്വാലയാലും ധൂമപടലങ്ങളാലും വളരെ നേരത്തേക്കു തുടൎച്ചയായ് കണ്ണുകാണ്മാൻ സാധിച്ചിരുന്നില്ല. എവിടെ നോക്കിയാലും ആൎപ്പും, വിളിയും തന്നെ. ഇങ്ങിനെ നടക്കുന്ന ഒരു രംഗത്തിന്റെ സമീപ വാസിയായ മുരുകൻ മകളെ തനിയെ വിട്ടു് പുറമെ പോകുവാൻ ഭയപ്പെട്ടു, രണ്ടു മൂന്നു ദിവസം വീട്ടിൽ തടന്നു കഴിച്ചുകൂട്ടി. സദാ സമയവും സ്വതന്ത്രനായി അലഞ്ഞുനടക്കുന്നവനുണ്ടോ അകത്തു ഒതുങ്ങിയിരുന്നാൽ പൊറുക്കുന്നു. നാലാം ദിവസം അവൻ പുറത്തിറങ്ങി നേരെ പട്ടാളപ്പാളയത്തിലേക്കു നടന്നു. എന്നാൽ ഭയപ്പെട്ടമാതിരി യാതൊരു അപകടവും പററാതെ അവൻ അകത്തു കടന്നെത്തി. കുറച്ചുനേരം കഴിഞ്ഞു മടങ്ങി വരുന്നസമയം, രണ്ടു ജപ്പാൻകാർ അവനെ തടുത്തു വെച്ചു. പട്ടാളക്യാമ്പിലെ വൎത്തമാനങ്ങൾ ചോദിക്കുവാൻ തുടങ്ങി. ആദ്യമാദ്യം മുരുകൻ ഭാഷ മനസ്സിലാവുന്നില്ലെന്നു നടിച്ചു. അപ്പോൾ അതിൽ ഒരു ഉദ്യോഗസ്ഥൻ തന്റെ തൊപ്പിയെടുത്തു കയ്യിൽ പിടിച്ചും കൊണ്ടു്, "എടാ ഇപ്പോൾ നോക്ക്. നിനക്കെന്നെ അറിയുമോ" എന്നു ചോദിച്ചു. മുരുകൻ കുറച്ചു നേരം അന്ധാളിച്ചുനിന്നതിനു ശേഷം കണ്ണൊന്നു നല്ലവണ്ണം തുടച്ചു നോക്കീട്ടു് "എജമാനനെ എവിടേയൊ കണ്ട ഓൎമ്മയുണ്ടു്" എന്നു പറഞ്ഞു.

ഉദ്യോഗസ്ഥൻ: (സിങ്കാളിയിൽ) എവിടേയൊ കണ്ട അറിവെ നിനക്കുള്ളു അല്ലെ. നീ ആ പട്ടാളക്കാരുടെ സേവനല്ലെ. അവരെ പററിയ ചില വിവരങ്ങൾ അറിയേണ്ടതുണ്ടു്. അതെല്ലാം സത്യമായ് ഞങ്ങൾക്കു പറഞ്ഞു തരണം.

മുരു: എജമാനന്മാരെ, പട്ടാളക്കാരെപ്പററി എനിക്കൊന്നും അറിയില്ലാ, അറിയില്ലാ. അറിഞ്ഞാലും പറയുവാൻ പാടില്ലല്ലൊ.

ഉദ്യോ: നിനക്കറിവുള്ളതിനെ നീ പറഞ്ഞിട്ടില്ലെങ്കിൽ നിന്നെക്കൊണ്ടു് പറയിക്കും.

(ശേഷം 10-ാം പേജിൽ)

## ക്രിപ്പ്സിന്റെ നന്ദി

സർ സ്റ്റാഫോർഡ് ക്രിപ്പ്സ് 1944 സെപ്തെമ്പർ 10-ാം തിയ്യതി ലണ്ടനിൽനിന്നയച്ച ഒരു കമ്പി ബഹുമാനപ്പെട്ട മദ്രാസ് ഗവൎണ്ണൎക്കു കിട്ടിയിരിക്കുന്നു. കമ്പി ഇതാണു്:

"പിന്നീടും മദിരാശിക്കാർ 18,750 പവൻ അയച്ചുതന്നതിന്നു എനിക്കു അവരോടുള്ള ആത്മാൎത്ഥമായ നന്ദി അങ്ങു് അവരെ അറിയിക്കുമെല്ലൊ. അവരുടെ അളവററ ഔദാൎയ്യം ബ്രിട്ടീഷ് വിമാന സൈന്യത്തിന്നു് ഇന്നത്തെ ഭയങ്കര യുദ്ധകാലങ്ങളിൽ വലുതായ ഒരു ധൈൎയ്യപ്രേരണാശക്തിയാകുന്നുണ്ടു്.

# ബർമ്മരംഗത്തിലുള്ള തെന്നിന്ത്യക്കാർ



സങ്കേതസ്ഥാനത്തു കേടുപററാതെ തിരിച്ചെത്തി. (ഫീൽഡ് ഓപ്പറേററർ യു. യം. രാധാകൃഷ്ണ, റിയർ ഗണ്ണർ സാർജൻറ് എം. ജി. വിജയേന്ദ്ര)



മദിരാശിക്കാരൻ കണ്ണനും ബങ്കളൂർക്കാരൻ കാരോളും ഇക്കൂട്ടത്തിലുണ്ടു്

ഐക്യകക്ഷികൾ ബർമ്മയിൽ നേടിയ വിജയങ്ങളിൽ ഇന്ത്യൻ വിമാനസൈന്യത്തിനുള്ള പങ്ക് ചില്ലറയല്ല. കഴിഞ്ഞ മാസം ഓരോ ദിവസവും ഉണ്ടായ അറിയിപ്പുകളിൽ ജാപ്പാൻ സൈന്യലക്ഷ്യങ്ങളുടെനേരെ നടത്തിയ ആക്രമണങ്ങളെക്കുറിച്ചുള്ള വർത്തമാനങ്ങൾ ഉണ്ടായിരുന്നു. ആക്രമണങ്ങൾ നടത്തുന്ന ഘട്ടങ്ങളിൽ ഈ സൈന്യം മഴയിൽനിന്നും ചളിയിൽനിന്നും, കായക്ലേശംകൊണ്ടും അനുഭവിച്ച കഷ്ടപ്പാടുകളെപ്പററി യാതൊന്നും ഈ ചിത്രങ്ങളിൽനിന്നു മനസിലാക്കാൻ സാദ്ധ്യമല്ല.
സ

വിമാനങ്ങളിൽ കയറി അങ്ങോട്ടു പറന്നുകഴിഞ്ഞാൽ അത്ര എളുപ്പത്തിൽ ഭൂമിയിലോട്ടു വരുവാൻ സാധിച്ചില്ലെന്നുതന്നെ വന്നേക്കാം; കാരണം വന്നിറങ്ങുവാനുള്ള വിമാനത്താവളം മഴകൊണ്ടു് തീരെ നശിച്ചുപോയിരിക്കാം. ഈ സന്ദർഭങ്ങളിൽ



ഇവർ ശത്രുവിമാനങ്ങൾ വരുന്നുണ്ടോ എന്നു് നോക്കിക്കൊണ്ടിരിക്കയാണു്—ലാലും സാക്രേയും.

ഭൂമിയിൽനിന്നു് പണിയെടുക്കുന്ന വൈമാനിക സംഘക്കാരെയാണു് ബഹുമാനിക്കേണ്ടതു്. വെള്ളം കെട്ടിനില്ക്കുന്ന വിമാനത്താവളങ്ങളിൽനിന്നു് വെള്ളം വെട്ടിയൊഴിച്ചു്, ഈറൻനിലം ഉണക്കി, വിമാനങ്ങൾക്കു തടസ്ഥമില്ലാതെ വന്നിറങ്ങുവാൻ നിവൃത്തിചെയ്യേണ്ടവരാണു് വൈമാനികരിൽ ഭൂമിയിൽനിന്നു് ജോലി ചെയ്യുന്നവർ. കാട്ടിൽനിന്നു് മുള വെട്ടിപ്പൊളിച്ചു് നിലത്തു പാവിട്ടാണു് വിമാനങ്ങൾക്കു് താവളങ്ങൾ ഉപയോഗപ്രദമാക്കുന്നതു്.

ഈ വൈമാനിക സംഘങ്ങളിൽ അനവധി ആളുകൾ തെക്കെ ഇന്ത്യയിൽനിന്നുള്ളവരാകുന്നു. ഇവരിൽ ചിലർ അവരുടെ ജോലികൾ ചെയ്യുന്നതാണു് ഈ ചിത്രത്തിൽ കാണുന്നതു്. ഇന്ത്യയിൽ ഒരു വൈമാനികബുദ്ധിയുളവാക്കാൻ സഹായിച്ചതിനുപുറമെ ഇവർ ജാപ്പാൻകാരിൽനിന്നു് ഇന്ത്യക്കുള്ള ആപത്തും ഇല്ലാതാക്കിയിരിക്കുന്നു.

മഴ വേഗം കഴിഞ്ഞു് കാലം തെളിഞ്ഞാൽ ഇവർ ശത്രുവിന്റെ നേരെയുള്ള ആക്രമണങ്ങൾ പൂർവ്വാധികം ശക്തികൂട്ടുന്നതായിരിക്കും.

(8-ാം പേജിൽനിന്നു് തുടർച്ച)

മൂരു: എനിക്കൊന്നും അറിയില്ലാ.

ഉദ്യോ: ശരി. വേണ്ടാ—എന്നാൽ ഒന്നും പറയേണ്ടാ.

II

നേരം അർദ്ധരാത്രി. മിനി അവളുടെ കുടിലിന്റെ ഉമ്മറത്തു ഏകയായിരിക്കുന്നു. ഒരു ചെറിയ വിളക്കു അധികം സമീപങ്ങളല്ലാതെ മങ്ങിക്കത്തുന്നു. നല്ല തണുത്ത കാററ് വീശുന്നുണ്ടെങ്കിലും മിനിക്കു വിശത്തുമുണ്ടു. അവൾക്കു സ്വതസ്സിദ്ധമായ മൂളിപ്പാട്ടു ഇന്നേതോ കേൾക്കുന്നില്ല. വെളുത്ത പക്ഷത്തിലെ പഞ്ചമിയായിരുന്നതിനാൽ, കുറച്ചുനേരംമുമ്പുവരെയും അവൾക്കു തുണയായി നിന്നിരുന്ന ചന്ദ്രൻ വരാൻപോകുന്ന ക്രൂരകാഴ്ച കാണുവാനുള്ള അസഹ്യത കൊണ്ടോ, എന്തോ, മിനിയെ തനിയെയാക്കി അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു. തോട്ടത്തിന്റെ ഓരോ മൂലയിൽനിന്നും എന്തോ വിചിത്ര സ്വരങ്ങൾ കേൾക്കുന്നതുപോലെ അവൾക്കു തോന്നി. സ്വതവേ ധീരയായ മിനിക്കു ഹൃദയത്തിൽ കൂടി ഒരു മിന്നൽപിണർ പാളി. അവൾ തന്നത്താനറിയാതെ "പിതാവേ!" എന്നു ദീർഘ നിശ്വാസത്തോടെ വിളിച്ചു. അവളുടെ ആ വിളിയിൽ സ്നേഹം, ഭയം, ആശങ്ക, അസ്വാസ്ഥ്യത മുതലായ വികാരങ്ങളെല്ലാം മടങ്ങിയിരുന്നു. അതു കേവലമൊരു ദീനപ്രലാപം പോലെ മാറെറാലികൊണ്ടു. പവനനും സന്ദേശവാഹകനെപ്പോലെ ആ ശബ്ദം പല കർണ്ണങ്ങൾക്കും വിഷയീഭവിപ്പിച്ചു.

"അതെ, പിതാവു്. നിന്റെ പിതാവെവിടെ" എന്നൊരു ശബ്ദം കേട്ട മിനി ഞെട്ടിയുണർന്നു നാലു പാടും നോക്കിയപ്പോൾ, അവളുടെ മുമ്പിൽ മിററത്തു തളിർത്തുവരുന്ന ഒരു മാവിൻ നിഴലിലായി, പതിഞ്ഞമൂക്കും ഇടുങ്ങിയ കണ്ണും, ഉന്തൻ നെററിയുമായ് ഒരു ഭീമരാക്ഷസൻ നില്ക്കുന്നതു കണ്ടു് അവൾ നടുങ്ങി.

"അതെ നിന്റെ പിതാവെവിടെ" എന്നു അവൻ അവളോടു പിന്നേയും ചോദിച്ചു.

മിനി: പിതാവ് കാലത്തു പുറത്തു പോയതാണു, വന്നിട്ടില്ല.

വന്നാൾ: കുറച്ചു മുമ്പു നിന്റെ പിതാവ് ഇവിടെ വന്നില്ലെ.

മിനി: ഇല്ല.

വന്നാൾ: തീർച്ച തന്നേയോ.

മിനി: അതെ.

ഉടനെ വന്ന ആൾ ഒരു വിസിലെടുത്തു വിളിച്ചു. ഇതുവരെ കീഴ്പോട്ടു നോക്കിയിരുന്ന മിനി വിസിലിന്റെ ശബ്ദം കേട്ടു തല പൊക്കി നോക്കിയപ്പോൾ, മുമ്പിൽ നില്ക്കുന്നതു ഒരു ജാപ്പ് പട്ടാളക്കാരനാണെന്നു അവൾക്കു മനസ്സിലായി. അവൾ അശേഷം സങ്കോചം കാണിക്കാതെ ധൈര്യമവലംബിച്ചു നിന്നു.

വിസിൽനാദം മുഴങ്ങിയതും എവിടെനിന്നെന്നറിയാതെ പത്തിരുപതു് ജാപ്പ് പട്ടാളക്കാർ നാലു പുറത്തുനിന്നും കൂടി പാററ പൊടിയുന്നതുപോലെ പരന്നെത്തി. മിനി ധൈര്യമവലംബിച്ചു ഒന്നും മിണ്ടാതെനിന്നു. ചിലർ അവളോടു എന്തൊക്കെയോ ജാപ്പാനീസിൽ ചോദിച്ചു. അവൾക്കു ആ ഭാഷ അറിവുണ്ടായിരുന്നില്ല. അവരിൽ ഒരുവൻ ഒഴിയെ മറെറല്ലാവരും ആ കുടിലിനുള്ളിലേക്കു കടന്നു. അവിടേയും ഇവിടേയും മുക്കിലും മൂലയിലുമായി തിരയുവാൻ തുടങ്ങി. മിനി അവിടെ നില്ക്കുന്നതു ആപല്ക്കരമാണെന്നു വിചാരിച്ചു മിററത്തേക്കിറങ്ങാൻ ഭാവിച്ചപ്പോൾ ജപ്പാൻകാരൻ തടുത്തു നിർത്തി: "എങ്ങോട്ടാണു പോകുന്നതു്. അനങ്ങാൻപാടില്ലാ," എന്നു് സിങ്കാളിയിൽ പറഞ്ഞു. അവൾ അനങ്ങാതെ അവിടെത്തന്നെ നിന്നു. അകത്തുപോയ് പരിശോധന നടത്തിയിരുന്നവർ മടങ്ങിവന്നു. ഇച്ഛാഭംഗം അവരുടെ മുഖത്തു നിഴലിച്ചിരുന്നു.

"ആ കഴുത എത്ര എളുപ്പത്തിൽ നമ്മുടെ മുമ്പിൽ നിന്നു മറഞ്ഞു കളഞ്ഞു. ആ നായ ഇനി എന്റെ കയ്യിൽ പെടുന്നതായാൽ നല്ലൊരു പാഠം ഞാൻ പഠിപ്പിക്കുന്നുണ്ടു്" എന്നു ആദ്യം പറഞ്ഞ മനുഷ്യൻ ഗർജ്ജിച്ചു. അതിനുശേഷം പ്രഭാതംവരെ അവർ അവിടെ കാത്തിരുന്നതിനുശേഷം ഒരാളെ കാവൽനിർത്തി ബാക്കിയുള്ളവരെല്ലാം പോയ്ക്കളഞ്ഞു. നേരം വൈകുന്തോറും മിനിക്കു വിശപ്പും ദാഹവും വർദ്ധിച്ചുവന്നു. അവൾ പുറത്തു് പോയി കുറച്ചു വെള്ളം കൊണ്ടുവരുവാൻ തന്നെ അനുവദിക്കേണമെന്നു പട്ടാളക്കാരനോടു പറഞ്ഞു. മാഷലിന്റെ ഉത്തരവില്ലെന്നു അവൻ പറഞ്ഞു. അവർ തന്റെ പിതാവിനെയാണു തിരയുന്നതെന്നും, ഒരു സമയം അപായം അറിയാതെ അച്ഛൻ വീട്ടിലേക്കു വരുമോ, ഏതു വിധത്തിലാണു അച്ഛനു മുന്നറിവു കൊടുക്കേണ്ടതു്, ഇങ്ങിനെ വിചാരിച്ചും ദുഃഖിച്ചും അവൾ ഉച്ചവരെ കഴിച്ചുകൂട്ടി. ആ സമയം നാലഞ്ചു പട്ടാളക്കാർ അങ്ങോട്ടുവരുന്നതായി കണ്ടു. അവർ വന്നു അവിടെയുണ്ടായിരുന്നവനോടു എന്തൊക്കെയോ പറയുന്നതും, അവളുടെ സമ്മതം കൂടി ചോദിക്കാതെ അകത്തു കടക്കുന്നതും ഓരോന്നു വലിക്കുന്നതും പിടിക്കുന്നതുമെല്ലാം അവൾ അറിഞ്ഞു. അവൾക്കു എഴുന്നേല്ക്കുവാനോ അവരോടു വല്ലതും ചോദിക്കുവാനോ നിവ്വാഹമില്ല. ആ വന്ന കൂട്ടത്തിൽ അവിടെ കാവൽ നില്ക്കുന്നവനു മാത്രമെ സിങ്കാളിഭാഷ അറിവുണ്ടായിരുന്നുള്ളു എന്നു അവൾക്കു മനസ്സിലായി. ഏതുവിധവും അവരെ ഒന്നു പഠിപ്പിക്കുവാനെന്താണു വഴിയെന്നു അവൾ പലവിധം ആലോചിച്ചു. പല യുക്തികളും അവൾക്കു തോന്നി. തന്നെത്തന്നെ നശിപ്പിച്ചും, അച്ഛനെ രക്ഷിക്കുവാനും, ഈ ക്രൂരന്മാരെ ശിക്ഷിക്കുവാനും അവൾ നിശ്ചയിച്ചുറച്ചു.

അങ്ങിനെയിരിക്കെ കാവല്ക്കാരൻ യോദ്ധാവ് അവളോടു ഒരു സദ്യക്കുള്ള ഒരുക്കങ്ങൾക്കു അവരെ സഹായിക്കുവാനായി ആജ്ഞാപിച്ചു. തേടിയ വള്ളി കാലിൽ തടഞ്ഞതുപോലെ അവൾ സന്തോഷിച്ചു. പത്തു മുപ്പതുപേർക്കു മതിയാവുന്ന വിധത്തിലുള്ള വിഭവങ്ങൾ അവർ ഒരുക്കിത്തുടങ്ങി. മിനിയും ഉത്സാഹഭരിതയായി കഴിയുന്നതും അവരെ സഹായിച്ചു. ഭക്ഷണപദാർത്ഥങ്ങൾ വളരെ രുചികരമായ വിധത്തിൽ അവൾ പാകം ചെയ്തു. അതിന്റെ ഗുണദോഷം പരീക്ഷിച്ച പട്ടാളക്കാരനു് മിനിയോടു വളരെ സന്തോഷമായി. അവൾക്കും വയറു നിറയെ ഭക്ഷിക്കുവാൻ കൊടുത്തു. കൊലച്ചോറെന്നു സങ്കല്പിച്ചും കൊണ്ടവൾ ഭക്ഷണം കഴിച്ചു. മരപ്പലകകൊണ്ടു പാവിയിരുന്ന തറ അടിച്ചു വാരി വൃത്തിയാക്കി, ജീർണ്ണിച്ചു ധാരാളം ദ്വാരങ്ങളുണ്ടായിരുന്നതു കാണാതെ ഭംഗിയായിരിക്കുവാനാണെന്നു പട്ടാളക്കാരനെ പറഞ്ഞു ധരിപ്പിച്ചു, ആ കുടിലിൻ തറ മുഴുവൻ വളരെ ഘനത്തിൽ വൈക്കോൽ കൊണ്ടുവന്നു പാവി. മിനിയുടെ ഉത്സാഹശീലവും, മാധുര്യമേറുന്ന സ്വഭാവും സംസാരങ്ങളും, അവളുടെ നവയൌവ്വന പ്രൌഢി തുളുമ്പുന്ന ശരീരസുകുമാരതയും പ്രവൃത്തിയെടുക്കുമ്പോൾ അഴിഞ്ഞുലഞ്ഞു കിടക്കുന്ന വാർകുന്തലും, ഉന്മേഷാധിക്യത്താൽ വികസിച്ചിരുന്ന മുഖകമലവും കണ്ടു നമ്മുടെ ജാപ്പ് പട്ടാളക്കാരന്റെ നയനങ്ങളാകുന്ന ഭൃംഗങ്ങൾ, മിനിയുടെ വദനസരോജത്തിലെ തേനുണ്ണാൻ മോഹിച്ചു. അതിനാൽ ആകർഷിക്കപ്പെട്ടവനായി അവൾ ചെയ്യുന്നതു തന്നെ കണ്ടു മനസ്സിലാക്കുവാൻ പ്രാപ്തിഹീനനായ് സ്ഥിതി ചെയ്തു. മാഷലും, കാപ്റ്റനും, മററും വന്നു വിരുന്നു കഴിഞ്ഞു അവരുടെ വിനോദങ്ങളെല്ലാം മതിയാക്കിപ്പോയാൽ ഈ സുകുമാരി ചാവുന്നതുവരെ എനിക്കുള്ളതു തന്നെ എന്നവൻ ഇടക്കിടക്കു് അവളെ നോക്കി വിചാരിച്ചിരുന്നു. അവന്റെ മുഖഭാവം കണ്ടു കാര്യങ്ങളെല്ലാം മിനിയും ഏതാണ്ടു ധരിച്ചു. അവൾ പെട്ടി തുറന്നു ഒരു കുപ്പിയെടുത്തു വസ്ത്രങ്ങൾക്കിടയിൽ ഇടുപ്പിൽ തിരുകി വെക്കുന്നതു അന്ധനായ ജാപ്പ് പാവി കണ്ടില്ലാ. സന്ധ്യയായതോടുകൂടി ഒരുക്കങ്ങളെല്ലാം പൂർത്തിയായി. ഒരു മേശമേൽ നാലഞ്ചു കുപ്പി ബ്രാണ്ടി കൊണ്ടുവന്നുവെച്ചു. അവയൊന്നും തുറന്നിട്ടുണ്ടായിരുന്നില്ല. "ഈശ്വരാ ഇതിൽ ഒന്നെങ്കിലും തുറന്നതായിരുന്നുവെങ്കിൽ എന്റെ ഉദ്ദേശം എത്ര എളുപ്പത്തിൽ സാധിച്ചേനേ" എന്നു അവൾ നിശ്വസിച്ചു. അവൾ പട്ടാളക്കാരനോടു ഇങ്ങിനെ ചോദിച്ചു: "എന്താ സേർ, നിങ്ങൾക്കൊരു കുപ്പി തുറന്നു കുറച്ചു ബ്രാണ്ടി കുടിച്ചുകൂടെ. പച്ചവെള്ളം കുടിക്കുന്നതെന്തിനാണു്." താൻ കുടിച്ചിരുന്ന ഗ്ലാസ്സ് താഴെ വെച്ചു അവൻ പറഞ്ഞു.

ജാപ്പ്: ആ കുപ്പികൾ മേലധികാരിയുടെ അനുമതി കൂടാതെ തുറക്കുവാൻ പാടില്ല. എന്താ നിനക്കു കുറച്ചു കുടിക്കുവാനാഗ്രഹമുണ്ടോ.

മിനി: കുറച്ചു കിട്ടിയാൽ വേണ്ടില്ല.

ജാപ്പ്: നമുക്കാഗ്രഹമുള്ളതു തന്നെയാണ് ലഭിക്കുവാൻ പ്രയാസമായിരിക്കുന്നതു്. നിന്റെ അച്ഛനെവിടെ. സത്യം പറഞ്ഞാൽ ഞങ്ങൾ ആരെയും ഉപദ്രവിക്കയില്ല.

ഞങ്ങൾക്കു ചില വിവരങ്ങളറിയുവാനുണ്ടു്. അതു നിന്റെ അച്ഛനറിയുകയും ചെയ്യും. ഇക്കാര്യത്തിൽ ഞങ്ങളെ സഹായിക്കുന്നതായാൽ നിനക്കും നിന്റെ പിതാവിനും പിന്നെ ദുഃഖിക്കേണ്ടിവരുന്നതല്ല. ഞങ്ങളുടെ മേലധികാരിയുടെ പ്രീതിയുണ്ടായാൽ നിങ്ങൾക്കു യാതൊരപകടവും വരുന്നതല്ല.

മിനി: അച്ഛൻ ഇന്നലെ കാലത്തു പോയതിൽ പിന്നെ എനിക്കു യാതൊരു വിവരവും അദ്ദേഹത്തെപ്പററിയില്ല. നിങ്ങൾക്കറിവുണ്ടെങ്കിൽ പറഞ്ഞു തന്നാൽ നന്നായിരുന്നു.

ജാപ്പ്: നീ സത്യം പറയുന്നതായിരിക്കും നല്ലതു്. ഞാൻ നിന്നോടു കുറച്ചു മര്യാദയായി പെരുമാറുന്നതു കണ്ടിട്ടു ബാക്കിയുള്ളവരും എന്നെപ്പോലെയാണെന്നു് വിചാരിക്കേണ്ടാ. അവർ നിന്നെക്കൊണ്ടു കാര്യം പറയിക്കുവാൻവേണ്ടി തുണ്ടുതുണ്ടായി അരിയുവാനും, കണ്ണു കുത്തിച്ചൊക്കുവാനും, നംക്കരിഞ്ഞുകളയുവാനും കൂടി മടിക്കുന്നതല്ല.

അവൾക്കു കാര്യസാദ്ധ്യമെന്നൊരു ഉദ്ദേശം മാത്രമെയുള്ളു. ഞാൻ നിന്നോടു ഇത്രയും ദയ കാണിച്ചതുതന്നെ അബദ്ധമാണ്. സത്യം പറഞ്ഞോളു.

മിനി: നിങ്ങൾ എന്നെ കഷ്ണം കഷ്ണമായ് കൊന്നാലും, കണ്ണു കുത്തിക്കളഞ്ഞാലും, നാക്കരിഞ്ഞാലും, അറിവുള്ളതിനെയല്ലാതെ, ഇല്ലാത്തതിനെ പറയുന്നതെങ്ങിനെ. വല്ലതും പറഞ്ഞു കബളിപ്പിക്കുവാൻ ശ്രമിക്കുന്നതായാൽ, അതല്ലയൊ അപകടം. ഞാൻ സത്യമാണു പറയുന്നതു്. എനിക്കച്ഛനെ എങ്ങോട്ടാണു പോയിരിക്കുന്നതെന്നറിയുന്നില്ല.

നേരം രാത്രി 10 മണി കഴിഞ്ഞിരിക്കണം. നിലാവിനിയും കെട്ടു കഴിഞ്ഞിട്ടില്ല. മന്ദമാരുതനും ചാഞ്ചല്യമെന്നിയെ ചെറുതായൊരു ശബ്ദത്തോടുകൂടി വീശുന്നുണ്ടു്. മിനിയുടെ കുടിലിൽ അസാധാരണമായ ദീപപ്രകാശം ജ്വലിക്കുന്നു. അവിടെ പത്തു മുപ്പതു ജാപ്പ് യോദ്ധാക്കൾ മദ്യസേവനരംഗത്തിലെ നടന്മാരായി നൎത്തനം ചെയ്യുന്നുണ്ടു്. മിനി എത്രയും ധൈൎയ്യമവലംബിച്ചു അവൎക്കു ബ്രാണ്ടിയും, വിസ്കിയും പകൎന്നു കൊടുക്കുകയും, ഭക്ഷണസാധനങ്ങൾ വിളമ്പികൊടുക്കുകയും ചെയ്യുന്നുണ്ടു്. അവൾ വളരെ ചൊറുചൊറുക്കോടെ പ്രവൃത്തിയെടുക്കുന്നു. അവളുടെ മുഖം എന്തുകൊണ്ടോ ചുകന്നു വികസിച്ചിരിക്കുന്നു. ചിലപ്പോൾ ചില ഭടന്മാർ അവളെ നോക്കി എന്തൊക്കെയോ പറയുന്നതിനെ അവൾക്കു ആക്ഷേപകരമായ് തോന്നിയിരുന്നുവെങ്കിലും അവ, മുഖത്തുകയറുന്ന രക്തച്ഛവിയാൽ ഉദ്ഭ്രാന്തമാക്കിയതല്ലാതെ ഒന്നും പറഞ്ഞതും, ഭാവിച്ചതുമില്ല. എന്തോ ബോധമായി താൻ നിശ്ചയിച്ചിരിക്കുന്നതിനെ കാലതാമസംകൂടാതെ സഫലമാക്കേണമെന്നൊരു ഉത്സാഹം മാത്രമെ അവൾക്കപ്പോളുണ്ടായിരുന്നുള്ളു.


കൂട്ടൎക്കു ലഹരിപദാൎത്ഥങ്ങളുടെ മത്തു തലക്കു നല്ലവണ്ണം പിടിക്കുവാൻ തുടങ്ങിയിരിക്കുന്നുവെന്നറിഞ്ഞപ്പോൾ, മിനി തന്റെ മടിയിൽനിന്നു എന്തോ എടുത്തു ശേഷിപ്പുണ്ടായിരുന്ന ലഹരിപദാൎത്ഥത്തിൽ കലക്കി, തന്റെ കൃത്യം ആരെങ്കിലും കാണുന്നുണ്ടോ എന്നു എല്ലാവരേയും ഒരാവൎത്തി സൂക്ഷിച്ചുനോക്കി. ആരും തന്നെ അതിലൊരു ദൃഷ്ടിവെക്കുന്നില്ലെന്നു അവൾക്കു തൃപ്തിയായതിന്നു ശേഷം, ആ ലഹരിപദാൎത്ഥം വ്യത്യാസം കൂടാതെയും ആരെയും മറക്കാതെയും എല്ലാവൎക്കും ഒഴിച്ചുകൊടുത്തു. യാതൊരു ശങ്കയും കൂടാതെ അവർ വാങ്ങികഴിക്കുകയും ചെയ്തു. അനന്തരം മിനി ഒരു മൂലയിൽ സ്വസ്ഥയായ് ചെന്നിരുന്നു. അവളുടെ പ്രവൃത്തി മുക്കാലും കഴിഞ്ഞു. അവളുടെ ജീവിതനാടകത്തിലെ അവസാനരംഗം ആ ഘാതകന്മാരായ ജാപ്പ് ഭടന്മാരുടെ കൂടെയാണു വിധി. അതിന്റെ ഭരതവാക്യവും ചൊല്ലുവാൻ അവൾ സന്നദ്ധയായ്ക്കഴിഞ്ഞു. അച്ഛനെ വിചാരിച്ചു രണ്ടിററു കണ്ണുനീർ അവളുടെ കവിൾത്തടങ്ങളിൽ കൂടി ഒഴുകി. അവൾ നാലു ഭാഗവും നല്ലവണ്ണം നോക്കി. എല്ലാവരും സുഖമായ് ലഹരിനിദ്ര ചെയ്യുന്നു. മിനി പതുക്കെ ചുമരിന്മേലുള്ള അലമാറി തുറന്നു ഒരു കുപ്പിയെടുത്തു. ശബ്ദമുണ്ടാക്കാതെ ആ കുടിലിന്നുണ്ടായിരുന്ന ഏക കവാടം ബന്ധിച്ചു പൂട്ടി താക്കോൽ തന്റെ മടിയിൽ സൂക്ഷിച്ചുവെച്ചു. കുടിലിന്നുണ്ടായിരുന്ന ഒന്നോ, രണ്ടോ, ജീൎണ്ണിച്ച ജനവാതിലുകൾ വളരെമെല്ലെ അടച്ചു. ഭടന്മാർ കിടക്കുന്നതിന്നു സമീപം ചെന്നു എല്ലാവരേയും നല്ലവണ്ണമൊന്നു സൂക്ഷിച്ചു നോക്കി. ഗാഢനിദ്രയിലവരെല്ലാം മുഴുകിയിരിക്കുന്നതായി ബോദ്ധ്യം വന്നതിന്നു ശേഷം, അലമാറിയിൽനിന്നു എടുത്ത കുപ്പിയിൽ നിറയെ സംഭരിച്ചുവെച്ചിരുന്ന മണ്ണെണ്ണ, തറയിൽ ധാരാളമായ് വിരിച്ചിരുന്ന വൈക്കോലിൽ വീഴുന്ന കണ്ണോടുകൂടി പകൎന്നു.

ശ്രീകൃഷ്ണഭഗവാന്റെ ഒരു ചിത്രമുണ്ടായിരുന്നതിന്നു മുമ്പിൽ പോയ് നമസ്കരിച്ചു ഇങ്ങിനെ പ്രാൎത്ഥിച്ചു:

"ഭഗവാനേ! ആൎത്തരക്ഷകാ! എന്റെ പിതാവിനെ ബ്രിട്ടീഷ് പട്ടാള സഹായിയെന്ന കുററത്തിന്നു ഇവർ കൊന്നിരിക്കണം. അല്ലെങ്കിൽ എനിക്കു വന്നിരിക്കുന്ന ആപത്തുകണ്ടു അച്ഛൻ മറഞ്ഞിരിക്കുന്നതല്ല. ഇവർ അച്ഛനെ നശിപ്പിച്ചിരിക്കണം. അതിന്നു പകരം ഈ മകൾ വീട്ടുന്നതാണ്. ഭക്തവത്സലാ, ഇവരെ നശിപ്പിക്കുന്നതിൽ എന്നെ സഹായിക്കണേ. ദുഷ്ടനിഗ്രഹവും, ശിഷ്ടരക്ഷണവുമല്ലയൊ, ഭഗവാന്റെ ധൎമ്മം. ഈ ദുഷ്ടരെ നശിപ്പിക്കണേ! ബ്രിട്ടീഷ് ചക്രവൎത്തിയും ബ്രിട്ടീഷ് രാജ്യവും എന്നും നിലനില്ക്കണേ. ബ്രിട്ടൺ ജയിക്കണേ. ബ്രിട്ടൺ ജയിക്കണേ. ബ്രിട്ടീഷ് ചക്രവൎത്തി ദീൎഘായുഷ്മനായ് സൎവ്വ വിജയിയായ് വൎത്തിക്കണേ."

ഈ പ്രാൎത്ഥനക്കു ശേഷം തന്റെ കാൎയ്യങ്ങളെല്ലാം സഫലമായിയെന്ന നാട്യത്തിൽ മിനി എഴുന്നീററു. വീണ്ടും ഭടന്മാരെ ഒന്നുനോക്കി. എല്ലാവരും ഉറങ്ങുന്നതു കണ്ടു തൃപ്തിപ്പെട്ടു. അവളുടെ മുഖത്തൊരു പുഞ്ചിരി വിളയാടി. ഉടനെ അതു മാറി ഗൌരവമായി. ക്രെ എന്നൊരു ശബ്ദം കേട്ടു. അതു മിനി തീപ്പെട്ടി ഉരക്കുന്ന ശബ്ദമായിരുന്നു. അവളുടെ ജീൎണ്ണിച്ചു പുററാവാൻ തുടങ്ങിയിരിക്കുന്ന ഗൃഹത്തിൽ തീജ്വാല തട്ടിയാൽ പിന്നെ അവശേഷമൊന്നുമുണ്ടാവില്ലെന്നവൾക്കു നല്ലവണ്ണമറിയാം. ഉരച്ച തീപ്പെട്ടിക്കോൽ തറയിലെ വൈക്കോലിൽ ഇട്ടു. തീ നല്ലവണ്ണം പാറിപ്പിടിച്ചു. മിനി ഭഗവാന്റെ ചിത്രത്തിന്നു മുമ്പിൽ കണ്ണുമടച്ചു സാഷ്ടാംഗപ്രണാമമായ് പതിച്ചു. അവളുടെ ഭരതവാക്യം ചൊല്ലിക്കഴിഞ്ഞു. കുപ്പികൾ പൊട്ടിത്തെറിക്കുന്നതും, അഗ്നിജ്വാലകൾ പടപടാശബ്ദത്തോടെ കത്തിക്കയറുന്നതും അവൾ കേട്ടു. അതോടൊപ്പം ആ വീരാംഗനയുടെ ആത്മാവും ശാന്തിയെ പ്രാപിച്ചു. ആ ഒരു തീപ്പെട്ടിക്കോൽ കാപ്റ്റൻ, മേജർ, മാൎഷൽ, കേൎണൽ തുടങ്ങി പത്തുനാല്പതു ജാപ്പ് പട്ടാളക്കാരെ നിഷ്പ്രയാസം വെണ്ണീറാക്കി.

എത്ര ടൺ വെടിമരുന്നു ചെലവഴിച്ചാലും ഇങ്ങിനെ പൂൎത്തിയായി ഒരു കൂട്ടത്തെ നശിപ്പിക്കുവാൻ പ്രയാസമായിരിക്കെ, അനായാസേന ഒരൊററപ്പാളിച്ചയാൽ എല്ലാ പണിയും തീൎത്ത തീപ്പെട്ടിക്കോലിന്റെ മാഹാത്മ്യം. അമ്പോ! അത്ഭുതം തന്നെ.




ജാപ്പാൻ ഫിലിപ്പൈൻ ദ്വീപുകളെ ഭരിക്കുന്ന "ഭാഷ" യാണിതു്. ഇരിപ്പിടം ചുട്ടുപഴുത്തു തുടങ്ങിയിരിക്കുന്നു.

# രണാങ്കണത്തിൽ

[ശ്രീ ജി. പി. ശങ്കരമംഗലം]

(അന്നനട)

പ്രഭാത ഭാസ്സുര പ്രഭാപവാപ്തിനാൽ-
പ്രകാശമാനമായ് ചമഞ്ഞു പോർക്കളം
വിശ്രുതയോധർ തൻ വിചിത്രശക്തിയാൽ-
വിജയലക്ഷ്മിയാൾ ചിരിപ്പതുപോലെ ||

പടഹ കാഹള കടുരവങ്ങളും,
ഭടജനങ്ങൾ തന്നടർവിളികളും
വിവിധശസ്ത്രത്തിൻ സ്വരവിധങ്ങളും
മുഖരിതമായിച്ചമഞ്ഞു ദിക്കെങ്ങും ||

അരികൾഹൃത്തടം ഭയചകിതമാ-
യെരിയും മട്ടതി ബലമുടയവർ.

ചതുരയോധന്മാർ—സമരലക്ഷ്മി തൻ-
ഭജനവ്യാപൃതർ—മറന്നു മറ്റെല്ലാം :
സമരഭൂമി തൻ നടുവിലായൊരു-
മനുജനങ്ങനാ തളർന്നുനില്ക്കുന്നു ;
അപാരവീര്യവാൻ, അതുലശക്തിമാൻ-
വിചാരധാരയിൽ മുഴുകാനെന്തുവാൻ ?
സഖിത്വസേനതൻ വിഭാഗമൊന്നിലെ-
സമർത്ഥനായിട്ടു മധിപനാണയാൾ
തടിച്ചശാത്രവ പടബലം തന്റെ-
മിടുക്കെഴും സേനാബലത്തെ ചൂഴവെ,
പടക്കളത്തിൽ, തന്റിപുക്കൾ മദ്ധ്യത്തിൽ,
പകച്ചുനിന്നുപോയ് ; അരക്ഷണമവൻ ||
അപാരവിക്രമാലലംഘനീയനായ്,
സ്വഭാവസൈഥര്യത്താൽ പ്രബുദ്ധവീര്യനായ്,
സ്വരാജ്യസ്നേഹത്താൽ പുളകിതാംഗനായ്,
സ്വധർമ്മ നിശ്ചയാലുണർന്ന ചിത്തനായ്-
അരഞൊടി കൊണ്ടായുധവധീമാൻ മുറ്റു-
മുചിത ബോധനായ് ഭവിച്ചു പിന്നെയും ;
മഹാനുഭാവർ തൻ മനസ്സിലെപ്പോഴും
മഹിതചിന്തകളുദിച്ചുപൊങ്ങുന്നു :
അഥവാ, ധർമ്മാർത്ഥം പൊരുതുവോർക്കെന്നു-
മരുളും സർവ്വജ്ഞനുചിത കൃത്യങ്ങൾ ||

അലറിയാ വീരൻ " അറിവിൻ തോഴരേ !
അരികൾ തൻ തല, അയുതസംഖ്യമായ്
അണിയണികളായ് മുറിപ്പിൻ ശാത്രവ-
തൃണങ്ങൾ ; മാതൃഭൂവിമോചനാർത്ഥമായ്
മരണം—അല്ലെങ്കിൽ ; വിജയലക്ഷ്മിതൻ-
വരണം—ഇല്ലാതെ മടങ്ങുകില്ല ഞാൻ
തിളയ്ക്കും രക്തമീയുടലിലോടുമ്പോൾ
കൊതിക്കേണ്ടന്യനെൻ സ്വരാജ്യം തീണ്ടുവാൻ
മടങ്ങിയോടട്ടെ വിരോധികൾ, അല്ലാ-
തടങ്ങുകില്ല ഞാനരനിമിഷവും " ||

പ്രബുദ്ധനാഥൻ തൻ പ്രഗത്ഭവാക്യത്താൽ
പ്രഫുല്ലവീര്യരായ് പൊരുത തൽഭടർ
വിശാലമാകുമപ്പട നിലംമുറ്റും

വിരോധിരക്തത്താൽക്കുഴകി കോപത്താൽ :
ഉദിച്ചുപൊങ്ങുന്ന ദിനേശനൊപ്പമാ
യുയർന്നു പിറേറന്നാൾ വിജയപ്പൊൻധ്വജം.

(ശുഭം.)

---

# സഞ്ചികേ സ്വാഗതം

(ശ്രീ പി. വി. ശിവശങ്കരൻ നായർ, പല്ലാവൂർ)

(മഞ്ജരി)

സഞ്ചികേ ! അഞ്ചാതെ ചാഞ്ചാടി കൊഞ്ചുക
പഞ്ചമരാഗത്തിൽ യുദ്ധവാർത്താ.

വഞ്ചകൻ ഹിററ്ലർ ഹാ ! തഞ്ചത്തിൽ രാജ്യങ്ങൾ
കിഞ്ചന നേരത്തിൽ വെന്നീടുവാൻ
മൂഢൻ മുസ്സോലിനി യോടൊത്തൊരുമ്പെട്ട-
മൂലമീ യാഹവം ജാതമായി.

ഊണുകഴിഞ്ഞൊരു നായർ വിളികേട്ട-
ങ്ങോടി പ്പിടിച്ചുപുലിതൻ വാലിൽ
വിട്ടാൽ പുലിതന്നെക്കൊന്നീടുമെന്നുള്ള
പേടിയാൽനിന്നു വലയുംപോലെ,
ഹിററ്ലർ പരുങ്ങലിലായ ചരിത്രത്തെ
മറ്റും പറഞ്ഞു രസിപ്പിക്കുന്ന

സഞ്ചികേ സ്വാഗതം , സ്വാഗതം സഞ്ചികേ,
ആഗതയാവുക വാരം വാരം.
ഇരുന്നമരത്തിലറഞ്ഞൊരു പേണിനെ

തട്ടിയിളക്കിയ വാനരംപോൽ
മുട്ടാളൻ ജപ്പാൻ മിഴിച്ചുകുഴങ്ങുന്ന
വാർത്തകളോതുവാൻ സ്വാഗതം തേ.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, " VICTORY HOUSE ", MOUNT ROAD, MADRAS.